പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1565 11.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ വിതരണം**

ചോദ്യം

ശ്രീ. അനിൽ അക്കര

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പെൻഷൻ വിതരണം ചെയ്യണമെന്ന് സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ ഉത്തരവായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് ഏതെങ്കിലും മാസം കൃത്യമായി പെൻഷൻ നൽകുവാൻ സാധിച്ചിട്ടുണ്ടോ ; നിലവിൽ എത്ര മാസത്തെ പെൻഷൻകുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കുമോ ; | (ബി) | രണ്ടു മാസത്തെ മുഴുവൻ പെൻഷനും ഒരു മാസത്തെ പകുതി തുകയും ഒരു മാസത്തെ പതിനായിരം രൂപയ്ക്ക് മുകളിൽ പെൻഷൻ വാങ്ങുന്നവരുടെ പതിനായിരം രൂപയ്ക്കുമേലുള്ള തുകയും നല്കാനുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ദുരിതത്തിന് പരിഹാരം കാണുന്നതിനായി എന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുന്നതിനായുള്ള ജോലികൾ പുരോഗമിച്ച് വരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ധനകാര്യ പുനഃസംഘടന യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ മുടങ്ങാതെ നൽകാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ